കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം.ഉപ.സി.3 / 20 /2024/പി.&എ.ആർ.ഡി തിരുവനന്തപുരം, തീയതി: 19-03-2024

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - വാഹനം നിലവിലില്ലാത്ത വകുപ്പുകളിലെ /കാര്യാലയങ്ങളിലെ ഡ്രൈവർ / ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന:-

1. 08.08.1988. ലെ G.O.(Ms)No.42/1988/P&ARD നമ്പർ ഉത്തരവ്.
2. 19-11-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 29/2015/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
3. 21-05-2019-ലെ ഉപ.സി3/ 2 / 2019 /ഉഭപവ നമ്പർ സർക്കുലർ.
4. 22-05-2019 ലെ G.O.(Ms)No. 6/2019/P&ARD നമ്പർ ഉത്തരവ്.

ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം ഒരു വകുപ്പിന് വാഹനം അനുവദിക്കുമ്പോൾ അതോടൊപ്പം ഒരു ഡ്രൈവർ തസ്തികയും കൂടി സൃഷ്ടിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ സർക്കാരിന്റെ സാമ്പത്തിക അവസ്ഥയ്ക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും, നിരവധി കോടതി വ്യവഹാരങ്ങൾ ഉയർന്നുവരുന്നുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾ സൂചന (4) ഉത്തരവിലൂടെ മരവിപ്പിച്ചിരുന്നു.

2. റാങ്ക് പട്ടികകളിൽ നിന്നും പരമാവധി നിയമനം നൽകണമെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, ഡ്രൈവർ ഗ്രേഡ് II LDV റാങ്ക്പട്ടികയിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ പി എസ് സി മുഖേന നികത്തേണ്ട എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പ തലവൻമാർക്കും/ നിയമനാധികാരികൾക്കും സൂചന (3) സർക്കുലറിലൂടെ നിർദ്ദേശം നൽകിയിരുന്നു.

3. എന്നാൽ, സൂചന (2) ഉത്തരവ് പ്രകാരം ഉത്തരവ് തീയതി പ്രാബല്യത്തിൽ ഡ്രൈവർ ഗ്രേഡ് II എന്നതിന് പകരം ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയിലേക്കാണ് നിലവിൽ പി എസ് സി വിജ്ഞാപനം പുറപ്പെടുവിക്കുന്നതും വകുപ്പുകളിൽ നിയമനം നടത്തി വരുന്നതും. പതിനഞ്ച് വർഷം പൂർത്തിയാക്കിയ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില വകുപ്പുകളിൽ നിലവിലുള്ള വാഹനങ്ങൾ കാലാവധി കഴിഞ്ഞ സാഹചര്യത്തിലോ മറ്റു തരത്തിലോ നഷ്ടപ്പെടുന്ന അവസരത്തിൽ ടി വാഹനം ഉപയോഗിച്ചിരുന്നതായ അംഗീകൃത ഡ്രൈവർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് നികത്തുന്നത് സംബന്ധിച്ചും, ഡ്രൈവർ / ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉള്ള ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞതിനു ശേഷം വകുപ്പുകളിലെ വാഹനം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ചും പല വകുപ്പുകളും സംശയങ്ങൾ ഉന്നയിച്ച് വരുന്നുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രൈവർ തസ്തികയിൽ ഉള്ളവർ ഡ്രൈവിംഗ് ജോലിയിൽ ഏർപ്പെടാതിരിക്കുന്ന സമയങ്ങളിൽ ഓഫീസ് കാര്യങ്ങൾ കൂടി നിർവ്വഹിക്കുന്നതിലേയ്ക്കാണ് ഡ്രൈവർ തസ്തിക ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്ന് സൂചന (2) ഉത്തരവ് പ്രകാരം പുനർനാമകരണം ചെയ്തിട്ടുള്ളത്.

5. മേൽ സാഹചര്യത്തിൽ, വാഹനം നിലവിൽ ഇല്ലാത്ത വകുപ്പുകളിലെ / കാര്യാലയങ്ങളിലെ അംഗീകൃത ഡ്രൈവർ / ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**(i) പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങൾ കണ്ടം ചെയ്യുന്ന സാഹചര്യത്തിലോ വകുപ്പിലെ/ കാര്യാലയങ്ങളിലെ വാഹനം മറ്റൊരു തരത്തിൽ നഷ്ടപ്പെടുന്ന സാഹചര്യത്തിലോ ഡ്രൈവർ/ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രമോഷൻ മൂലമോ റിട്ടയർമെന്റ് മൂലമോ സ്ഥലം മാറ്റം മൂലമോ ഉണ്ടാകുന്ന ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലായെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു. പ്രസ്തുത വകുപ്പിൽ/ കാര്യാലയത്തിൽ ഉണ്ടായിരുന്ന വാഹനത്തിന് പകരം മറ്റൊരു വാഹനം ലഭിക്കുന്ന മുറയ്ക്ക് മാത്രം പ്രസ്തുത ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

**(ii) ഡ്രൈവർ / ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായ ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുകയും, തുടർന്ന് വകുപ്പിൽ നിലവിലുണ്ടായിരുന്ന വാഹനം നഷ്ടപ്പെടുന്ന/കണ്ടം ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്താൽ, പി എസ് സി നിയമന ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി വകുപ്പ് നിയമന ഉത്തരവ് നൽകി കൊണ്ട് അതത് വകുപ്പിൽ ഭരണസൗകര്യാർത്ഥം ഓഫീസ് അറ്റൻഡന്റിന്റെ സേവനം ലഭ്യമാക്കാവുന്ന വിധം പ്രയോജനപ്പെടുത്തുന്നതിലേക്ക് നിയമിക്കുവാനും നിർദ്ദേശം നൽകുന്നു.**

6. മേൽ നിർദ്ദേശങ്ങൾ വകുപ്പുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് അതത് ഭരണവകുപ്പ് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ് എന്നും നിർദ്ദേശം നൽകുന്നു.

**പുനീത് കുമാർ ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖാന്തിരം)

സെക്രട്ടറിയേറ്റിലെ നിയമം , ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന പി.എസ്.സി മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ